# ഇന്റർനെറ്റ് കഫേകളെ സുരക്ഷിതമാക്കാനുള്ള സോഫ്റ്റ്‌വേർ സംവിധാനവുമായി സിറ്റിപോലീസ്

കൊച്ചി : സൈബർ കുറ്റകൃത്യങ്ങൾ രാജ്യസുരക്ഷയ്ക്കു തന്നെ ഭീഷണിയായി മാറിയിരിക്കുന്ന സാഹചര്യത്തിൽ ഇന്റർനെറ്റ് കഫേകളുടെ പ്രവർത്തനം സുരക്ഷിതമാക്കാൻ സഹായിക്കുന്ന പ്രത്യേക സോഫ്റ്റ്‌വേർ സംവിധാനം കേരളത്തിലും നിലവിൽ വരുന്നു. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം ഇന്നലെ കൊച്ചിയിൽ നടന്ന ചടങ്ങിൽ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ജോർജ് വർഗീസ് നിർവഹിച്ചു. വ്യക്തിവൈരാഗ്യം തീർക്കുകയെന്ന ലക്ഷ്യത്തോടെ വി.ഐ.പി.കൾക്ക് ഭീഷണിസന്ദേശങ്ങൾ അയക്കുന്നതു മുതൽ ഭീകരപ്രവർത്തനങ്ങൾക്കുവരെ ഇക്കാലത്ത് സൈബർ കഫേകൾ വേദിയാവുന്ന സാഹചര്യത്തിൽ ഇത്തരമൊരു സോഫ്റ്റ്‌വെയർ സംവിധാനത്തിന് പ്രസക്തിയേറെയാണെന്ന് ചടങ്ങിൽ ജോർജ് വർഗീസ് ചൂണ്ടിക്കാട്ടി.

മുംബൈ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഐഡിയാക്ട്സ് ഇന്നൊവേഷൻസ് എന്ന കമ്പനി ക്ലിങ്ക് സൈബർകഫേ മാനേജർ എന്ന പേരിൽ വികസിപ്പിച്ചെടുത്തിട്ടുള്ള സോഫ്റ്റ്‌വേറാണ് സിറ്റി പോലീസിന്റെ സഹകരണത്തോടെ നഗരത്തിലെ കഫേകളിൽ സ്ഥാപിക്കുക. ഈ സംവിധാനം പരിചയപ്പെടുത്തുന്നതിനായി കഫേ ഉടമകളുടെ യോഗവും സിറ്റിപോലീസ് സംഘടിപ്പിച്ചിരുന്നു.

ഇപ്പോൾ പല കഫേകളിലും സന്ദർശകരുടെ പേരുവിവരങ്ങൾ ബുക്കിൽ രേഖപ്പെടുത്തിവെക്കുന്ന രീതി ഉണ്ടെങ്കിലും അന്വേഷണങ്ങൾക്കും മറ്റും ഇത് പലപ്പോഴും വേണ്ടത്ര ഉപകാരപ്രദമാവാറില്ല. എന്നാൽ ക്ലിങ്ക് സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തുകഴിഞ്ഞാൽ സന്ദർശരുടെ ഫോട്ടോ, ഐഡന്റിറ്റികാർഡ്, പേര്, മൊബൈൽ നമ്പർ, എത്തിയ സമയം, സ്ഥലംവിട്ട സമയം തുടങ്ങിയ വിശദാംശങ്ങളെല്ലാം അനായാസം ശേഖരിച്ച് ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കാൻ കഴിയും. ഈ സംവിധാനം സ്ഥാപിച്ചിട്ടുള്ള കഫേകളിൽ സന്ദർശകർക്ക് അതിൽ രജിസ്റ്റർ ചെയ്തതിനുശേഷം മാത്രമേ ഇന്റർനെറ്റിലേക്ക് കടക്കാൻ കഴിയുകയുള്ളൂ. ഇതിനായി സന്ദർശകർക്ക് അഖിലേന്ത്യാ ലോഗിൻ ഐഡിയും നൽകുന്നതാണ്. ഈ രജിസ്ട്രേഷൻ വഴിയാണ് സന്ദർശകരുടെ ഫോട്ടോയും മറ്റ് വിശദാംശങ്ങളും രേഖപ്പെടുത്തപ്പെടുന്നത്.

ആവശ്യമായി വരികയാണെങ്കിൽ ഈ വിവരങ്ങൾ പിന്നീട് പരിശോധിക്കാനും സാധിക്കും. ഇതുവഴി അനാവശ്യമായി സൈബർ കേസുകളിൽ ഉൾപ്പെട്ട് ബിസിനസിലും വ്യക്തിജീവിതത്തിലും തിരിച്ചടികൾ നേരിടുന്നത് സൈബർ കഫേ ഉടമകൾക്ക് ഒഴിവാക്കാനാവുമെന്നും ചൂണ്ടികാണിക്കപ്പെടുന്നു. സുരക്ഷ ഉറപ്പാക്കുന്നതിനു പുറമെ കഫേകളുമായി ബന്ധപ്പെട്ട അക്കൗണ്ടിംഗ് തുടങ്ങിയ കാര്യങ്ങളും ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നിർവഹിക്കാൻ കഴിയും. സിറ്റിപോലീസിന്റെ സഹകരണത്തോടെയാണ് ഇന്റർനെറ്റ് കഫേകളിൽ ഇത് സ്ഥാപിക്കുക.

ഇന്ത്യയിലെ ഇന്റർനെറ്റ് ഉപഭോക്താക്കളിൽ 47 ശതമാനവും കഫേകളെയാണ് ആശ്രയിക്കുന്നതെന്നതിനാൽ അവയെ സുരക്ഷിതമാക്കേണ്ടത് സുപ്രധാനമാണെന്ന് ഐഡിയാക്ട് ഇന്നവേഷൻസിന്റെ സൗത്ത് ആൻഡ് ഈസ്റ്റ് ഓപ്പറേഷൻസ് ഹെഡ് കൃഷ്ണസ്വാമി ചൂണ്ടിക്കാട്ടി. തികച്ചും സൗജന്യമായാണ് കമ്പനി കഫേകൾക്ക് ഈ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തു നൽകുന്നത്.

സൈബർ കഫേകളുമായി ബന്ധപ്പെട്ട സോഫ്ട്‌വേർ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിൽ പ്രമുഖരായ ഐഡിയാക്ട്സ് ഇന്നവേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ രാജ്യത്തെ വിവിധ നഗരങ്ങളിലായി 26000ത്തോളം ടെർമിനലുകളിൽ ക്ലിങ്ക് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. അടുത്ത ഒരു വർഷത്തിനുള്ളിൽ 10000 കഫേകളിൽ കൂടി ഈ സൗകര്യം ഏർപ്പെടുത്തുകയാണ് ലക്ഷ്യം. കൊച്ചി സൈബർ സെൽ സബ് ഇൻസ്പെക്ടർ ഫ്രാൻസിസ് പെരേരയും ചടങ്ങിൽ പങ്കെടുത്തു.



*എറണാകുളം ഇൻഫന്റ് ജീസസ് ഓഡിറ്റോറിയത്തിൽ നടന്ന സൈബർ കഫേ സെക്യൂരിറ്റി ആൻഡ് മാനേജ്മെന്റ് സെമിനാർ കൊച്ചി ഡിസിപി ജോർജ് വർഗീസ് ഉദ്ഘാടനം ചെയ്യുന്നു.*